തുറമുഖ വകുപ്പ് എഞ്ചിനീയർമാരുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം

94 (7657) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തുറമുഖ വകുപ്പിൻകീഴിലെ എഞ്ചിനീയർമാരുടെ ഓഫീസ് മത്സ്യത്തൊഴിലാളികൾ ആക്രമിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആക്രമണം നടത്താൻ ആളുകളെ പ്രകോപിതരാക്കും വിധം എന്ത് പ്രവൃത്തിയാണ് അവിടെ നടന്നിട്ടുള്ളത് ; അതിന് പരിഹാരം കാണാൻ ശ്രമം നടത്തുമോ ;

(സി) ജനങ്ങൾക്കിടയിൽ പ്രവൃത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ ശ്രദ്ധയോടെ ഇടപഴകാൻ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ ;

(ഡി) സംഭവത്തിന്റെ പേരിൽ നിരപരാധികൾ പ്രത്യേകിച്ചും സ്ത്രീകളും കുട്ടികളും അധികാരികളുടെ ഭീഷണിക്ക് വിധേയരായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തുറമുഖ വകുപ്പിൻ കീഴിലെ എഞ്ചിനീയർമാരുടെ ഓഫീസ് മത്സ്യത്തൊഴിലാളികൾ ആക്രമിച്ചത് സംബന്ധിച്ച് കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ ക്രൈം. നമ്പർ 484/14, 487/14, 488/14 പ്രകാരം 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 37 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തെ മണ്ണ് നീക്കി ബോട്ടുകൾക്ക് കരയ്ക്കടുക്കുന്നതിന് സൗകര്യമൊരുക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അനാസ്ഥ കാട്ടുന്നുവെന്ന് ആരോപിച്ച് 1500-ഓളം മത്സ്യത്തൊഴിലാളികൾ നടത്തിയ പ്രതിഷേധസമരം അക്രമാസക്തമാകുകയാണുണ്ടായത്. തുറമുഖത്ത് മണ്ണടിയുന്നതുമൂലം ആഴം കുറയുന്നതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബർ ബേസിനിൽ പ്രവേശിക്കുന്നതിനുള്ള അസൗകര്യം നേരിടുന്നുണ്ട്. ഏകദേശം 486000 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിക്ക് മുൻയോഗ്യത നിർണ്ണയത്തിന് ദർഘാസ് ക്ഷണിച്ചപ്പോൾ ഒരു ദർഘാസ് മാത്രം ലഭിച്ചതിനാൽ പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. ടി പുനർദർഘാസ് പ്രകാരം മുൻയോഗ്യത ദർഘാസ് ലഭിച്ചിട്ടുണ്ട്. മുൻയോഗ്യത നിർണ്ണയിക്കുന്നതിനുള്ള പ്രീകാളിഫിക്കേഷൻ കമ്മിറ്റികൂടി ദർഘാസുകാരന്റെ യോഗ്യത നിർണ്ണയിച്ചതിനുശേഷം ദർഘാസ് തുറന്ന് പരിശോധിച്ച് ദർഘാസ് അംഗീകരിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതും ആഴംകുറവ് പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ജീവനക്കാർ പൊതുജനങ്ങളോട് സൗഹാർദ്ദപരമായ പെരുമാറ്റരീതിയാണ് അവലംബിക്കാറുള്ളത്.

(ഡി) ഇല്ല.

പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

95 (7658) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതിക്കായുള്ള എൻവിയോൺമെന്റൽ ക്ലിയറൻസ്, റെഗുലേഷൻ സോൺ ക്ലിയറൻസ്, മലിനീകരണ-നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റ് എന്നിവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ഏജൻസികൾക്ക് അപേക്ഷകൾ സമർപ്പിച്ചത് ഏതൊക്കെ തീയതികളിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. ഓഷ്യനേറിയം പദ്ധതിക്കായുള്ള എൻവയോൺമെന്റൽ ക്ലിയറൻസ്, റഗുലേഷൻ സോൺ ക്ലിയറൻസ് എന്നിവ ലഭിക്കുന്നതിനാവശ്യമായ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അംഗീകാരമുള്ള M/s വിഷൻ ലാബ്സ് എന്ന സ്ഥാപനത്തെ 22-2-2013-ലെ സ.ഉ.(സാധാ) 134/2013/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തി. ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് റഗുലേഷൻ സോൺ ക്ലിയറൻസ്, എൻവയോൺമെന്റൽ ക്ലിയറൻസ് എന്നിവയ്ക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഏജൻസികൾക്ക് സമർപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റിനുള്ള അപേക്ഷ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വ്യക്തമാക്കാം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് OCM/2007 dated 24-1-2014 പ്രകാരവും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് FIRMA/OCM/2007 dated, 11-4-2014 പ്രകാരവും സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് FIRMA/OCM/2007 dated, 11-4-2014 പ്രകാരവും അപേക്ഷ സമർപ്പിച്ചു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

96 (7659) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി തിരുവനന്തപുരം ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ വർക്കുകളുടെ പേരുവിവരം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly